## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:03.09.2024**

### പ്രധാനവാർത്തകൾ

1). ദ്വിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി ബ്രൂണൈയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം

2) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ ആരോപണങ്ങളുമായി ബന്ധപ്പെട്ട് നിലമ്പൂർ എം.എൽ.എ പി.വി അൻവർ, മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.വിഷയത്തിൽ സത്യസന്ധമായ അന്വേഷണം പ്രതീക്ഷിക്കുന്നതായി എം.എൽ.എ. സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി പ്രതിപക്ഷ പാർട്ടികൾ.

RNUTVPM

3) കേന്ദ്രമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി നാളെ സത്യപ്രതിജ്ഞ ചെയ്യും.

4) തിരുവനന്തപുരം പാപ്പനംകോട് ഇൻഷുറൻസ് ഓഫീസിലുണ്ടായ വൻതീപിടിത്തത്തിൽ രണ്ട് മരണം.

5) സംസ്ഥാന സർക്കാരിൻറെ പുതിയ ലോജിസ്റ്റിക്സ് നയം രണ്ടാഴ്ചയ്ക്കുള്ളിൽ പ്രഖ്യാപിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ്.

6) കേരളാ ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസ് - ട്രിവാൻഡ്രം റോയൽസ് പോരാട്ടം അൽപ്പസമയത്തിനകം.

******************************************************************************

## പ്രധാനമന്ത്രി- ബ്രൂണൈ

ദ്വിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി ബ്രൂണൈയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. തലസ്ഥാനമായ ബന്ദർ സെരി ബെഗവാനിലെത്തിയ പ്രധാനമന്ത്രിയെ ബ്രൂണൈ കിരീടാവകാശിയും മുതിർന്ന മന്ത്രിയുമായ ഹാജി അൽ മുഹ്താദീ ബില്ല ഔദ്യോഗികമായി സ്വീകരിച്ചു. ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണൈയിൽ ഉഭയകക്ഷി സന്ദർശനത്തിനെത്തുന്നത്. ഇന്ത്യയും ബ്രൂണൈയും തമ്മിലുള്ള നയതന്ത്രബന്ധം സ്ഥാപിച്ചതിൻറെ 40-ാം വാർഷികത്തോടനുബന്ധിച്ചാണ് ചരിത്രപരമായ സന്ദർശനം.ബ്രൂണൈയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ചാൻസറിയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. ബ്രൂണൈ സുൽത്താൻ ഹാജി ഹസ്സനൽ ബൊൽക്കിയ-യുമായും, രാജകുടുംബത്തിലെ മറ്റ് പ്രമുഖരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. . ഒമർ അലി സെയ്ഫ്ദ്ദീൻ മോസ്കും ശ്രീ മോദി സന്ദർശിക്കും. ബ്രൂണൈയിലെ പ്രവാസി ഇന്ത്യൻ സമൂഹം പ്രധാനമന്ത്രിയുടെ സന്ദർശനത്തെ ഏറെ ആവേശത്തോടെയാണ് ഉറ്റുനോക്കുന്നത്. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ നാളെ സിംഗപൂരിലെത്തുന്ന പ്രധാനമന്ത്രി സിംഗപൂർ പ്രസിഡൻറ്, പ്രധാനമന്ത്രി തുടങ്ങിയവരുമായും കൂടിക്കാഴ്ച നടത്തും. സിംഗപ്പൂരിലെ വ്യവസായ സമൂഹവുമായും അദ്ദേഹം സംവദിക്കും.

******************************************************************************

RNU TVPM

## പി.വി അൻവർ-കൂടിക്കാഴ്ച

സംസ്ഥാനത്തെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് നിലമ്പൂർ എംഎൽഎ പി.വി അൻവർ, മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. ആരോപണങ്ങൾ മുഖ്യമന്ത്രിയ്ക്ക് എഴുതി നൽകിയതായി അദ്ദേഹം പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ സത്യസന്ധമായ അന്വേഷണം പ്രതീക്ഷിക്കുന്നതായും ശ്രീ പി വി അൻവർ വ്യക്തമാക്കി. അതേസമയം വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം ശക്തമാക്കിയിരിക്കുകയാണ് . ആരോപണ വിധേയരെ തത്സ്ഥാനത്ത് നിലനിർത്തിക്കൊണ്ട് അന്വേഷണം പ്രഖ്യാപിച്ചത് പ്രഹസനമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പ്രതികരിച്ചു. വിഷയത്തിൽ അന്വേഷണം കേന്ദ്ര ഏജൻസികൾ ഏറ്റെടുക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു.എഡിജിപി അജിത് കുമാറിനെ മാറ്റിനിർത്താൻ മുഖ്യമന്ത്രിക്ക് ഭയമാണെന്നും പിവി അൻവറിനെ നിശബ്ദനാക്കിയത് കൊണ്ട് പ്രശ്നം അവസാനിക്കില്ലെന്നും മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ വിമർശിച്ചു.

***********************************************************************

## കേന്ദ്രമന്ത്രി- സത്യപ്രതിജ്ഞ

കേന്ദ്രമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി നാളെ രാവിലെ 11 മണിക്ക് സത്യപ്രതിജ്ഞ ചെയ്യും. പാർലമെൻറ് മന്ദിരത്തിൽ നടക്കുന്ന ചടങ്ങിൽ ഉപരാഷ്ട്രപതിയും, രാജ്യസഭാ ചെയർമാനുമായ ജഗദീപ് ധൻകർ സത്യവാചകം ചൊല്ലിക്കൊടുക്കും. മധ്യപ്രദേശിൽ നിന്നാണ് ശ്രീ ജോർജ് കുര്യൻ ബിജെപിയുടെ രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടത്.

RNU TVPM

************************************************************************

<u>**തിരുവനന്തപുരം-തീപിടുത്തം**</u>

തിരുവനന്തപുരം പാപ്പനംകോട് ഉണ്ടായ വൻതീപിടിത്തത്തിൽ രണ്ട് പേർ മരിച്ചു. ന്യൂ ഇന്ത്യ അഷ്വറൻസ് ഏജൻസി ഓഫീസിലാണ് തീ പിടിത്തമുണ്ടായത്. മരിച്ചവരിൽ ഒരാൾ സ്ഥാപനത്തിലെ ജീവനക്കാരിയായ പാപ്പനംകോട് സ്വദേശി വൈഷ്ണ ആണ്. മറ്റേയാളെ തിരിച്ചറിഞ്ഞിട്ടില്ല.

തീപിടിത്തത്തിൻറെ കാരണം വ്യക്തമല്ല.

രണ്ട് നില കെട്ടിടത്തിൻറെ മുകളിലത്തെ നിലയിൽ പ്രവർത്തിച്ചിരുന്ന ഓഫീസ് പൂർണമായും കത്തിയ നിലയിലാണ്. സംഭവം വിശദമായി പരിശോധിച്ച ശേഷം കൂടുതൽ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. തീ പിടിത്തത്തിൻറെ കാരണം വിശദാംശങ്ങൾ മനസിലാക്കിയതിന് ശേഷമേ പറയാനാകൂ എന്ന് മന്ത്രി കെ.രാജൻ പറഞ്ഞു.

************************************************************************

<u>**അതിഥി തൊഴിലാളി**</u>

സംസ്ഥാനത്ത് അതിഥി തൊഴിലാളി രജിസ്ട്രേഷന് ഏകീകൃത പോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. രജിസ്റ്റർ ചെയ്യുന്നവർക്ക് ആധാർ അധിഷ്ഠിത യുണീക് നമ്പർ നൽകി വിവിധ ഏജൻസികൾക്ക് വിവരങ്ങൾ ലഭ്യമാക്കും. രജിസ്ട്രേഷൻറെ ഉത്തരവാദിത്തം തൊഴിൽ ദാതാവിനായിരിക്കും.

************************************************************************

RNU TVPM

**രാഹുൽഗാന്ധി**

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്ക് നൽകുന്ന അടിയന്തിര സഹായവും വാടകയും വർദ്ധിപ്പിക്കണ മെന്നാവശ്യപ്പെട്ട് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മുഖ്യമന്ത്രി പിണറായി വിജയന് കത്തയച്ചു. വാടക ഇനത്തിൽ നൽകുന്ന 6,000 രൂപയും താൽക്കാലിക ആശ്വാസമായി നൽകുന്ന10,000 രൂപയും അപര്യാപ്തമാണെന്ന് ശ്രീ രാഹുൽ ഗാന്ധി പറഞ്ഞു.

*********************************************************************************

**ലോജിസ്റ്റിക്സ് നയം-പി രാജീവ്**

സംസ്ഥാന സർക്കാരിൻറെ പുതിയ ലോജിസ്റ്റിക്സ് നയം രണ്ടാഴ്ചക്കുള്ളിൽ പ്രഖ്യാപിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ്. എറണാകുളത്ത് മാരിടൈം ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായിക നിക്ഷേപം കേരളത്തിലേക്ക് എത്തിക്കുന്നതിനുള്ള ഘടനാപരമായ മാറ്റങ്ങളുടെ ഭാഗമായാണ് പുതിയ ലോജിസ്റ്റിക്സ് നയത്തിന് രൂപം നൽകിയതെന്നും മന്ത്രി അറിയിച്ചു.

RNU TVPM

*********************************************************************************

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*********************************************************************************

**ഹൈക്കോടതി**

ബലാൽസംഗക്കേസിൽ നടൻ സിദ്ദിഖ് സമർപ്പിച്ച മുൻകൂർ ജാമ്യപേക്ഷയിൽ നിലപാട് അറിയിക്കാൻ ഹൈക്കോടതി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി.

കേസ് കോടതി ഈ മാസം 10- ന് പരിഗണിക്കും. തിരുവനന്തപുരത്ത് നടന്ന സിനിമ പ്രിവ്യൂവിന് ശേഷം യുവനടിയെ സിദ്ദിഖ് മസ്കറ്റ് ഹോട്ടലിൽ വിളിച്ചുവരുത്തി പീഡിപ്പിച്ചെന്ന പരാതിയിലാണ് കോടതി നിർദ്ദേശം.

**************************************************************************

## ബിജെപി മെമ്പർഷിപ്പ്

ബിജെപി മെമ്പർഷിപ്പ് ക്യാമ്പയിൻ സംസ്ഥാനത്ത് ആരംഭിച്ചു. സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ തിരുവനന്തപുരത്ത് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ഇനി ബി.ജെ.പിയുടെ യുഗമാണെന്നും 50 ലക്ഷം പേരെ സംസ്ഥാനത്ത് ബി.ജെ.പി അംഗങ്ങളാക്കുമെന്നും ശ്രീ. സുരേന്ദ്രൻ പറഞ്ഞു.

**************************************************************************

## കെ. കൃഷ്ണൻകുട്ടി - ജലവൈദ്യുത പദ്ധതി

RNUTVPM

സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് വൈദുതി മന്ത്രി കെ കൃഷ്ണൻകുട്ടി. മൂലമറ്റത്ത് കെ എസ് ഇ ബി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. പീക്ക് സമയങ്ങളിൽ വലിയ വില കൊടുത്താണ് കേരളം വൈദ്യുതി വാങ്ങുന്നതെന്നും മുടങ്ങി കിടക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചാൽ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

**************************************************************************

## ഓപ്പറേഷൻ പി ഹണ്ട്

കുട്ടികളുടെ നഗ്നദൃശ്യങ്ങൾ ഇൻറർനെറ്റിൽ തിരയുകയും ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നവർക്കെതി

രെയുള്ള ഓപ്പറേഷൻ പി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനത്താകെ 37 കേസുകൾ രജിസ്റ്റർ ചെയ്തു. 6 പേരുടെ അറസ്റ്റും പോലീസ് രേഖപ്പെടുത്തി. 455 സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസം നടത്തിയ പി-ഹണ്ട് പരിശോധനയിലൂടെ 173 ഉപകരണങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

******************************************************************************

**ക്ഷേത്രോത്സവം-അവധി**

ആലപ്പുഴ: വെട്ടിക്കോട് ശ്രീ നാഗരാജ ക്ഷേത്ര ആയില്യം മഹോത്സവ ദിനമായ സെപ്റ്റംബർ 28 ശനിയാഴ്ച മാവേലിക്കര താലൂക്കിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ജില്ല കളക്ടർ ഉത്തരവായി. പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടത്തുന്നതിന് ഉത്തരവ് ബാധകമല്ല.

******************************************************************************

**പാരീസ് പാരാലിമ്പിക്സ്**

പാരിസ് പാരാലിമ്പിക്സിൻറെ ആറാം ദിനമായ ഇന്ന് ഷൂട്ടിംഗിൽ വനിതകളുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ് SH 1 ഇനത്തിൽ ഇന്ത്യയുടെ അവനി ലേഖര ഫൈനലേക്ക് യോഗ്യത നേടി. അവനി ഏഴാം സ്ഥാനത്തും, മോന അഗർവാൾ 13-ാം സ്ഥാനത്തുമാണ് ഫിനിഷ് ചെയ്തത്. വനിതകളുടെ വ്യക്തിഗത റികർവ് ഓപ്പൺ മത്സരത്തിൽ ഇന്ത്യയുടെ പൂജ ക്വാർട്ടർ ഫൈനലിൽ കടന്നു. വനിതാ ഷോട്ട് പുട്ട് എഫ് 34 ഫൈനലിൽ ഭാഗ്യശ്രീ ജാദവ് അഞ്ചാം സ്ഥാനത്തെത്തി. മൂന്ന് സ്വർണമടക്കം 15 മെഡലുകളുമായി മെഡൽ പട്ടികയിൽ 15-ാം സ്ഥാനത്താണ് ഇന്ത്യ.

PRNU TVPM

*****************************************************************************************

**<u>കേരള ക്രിക്കറ്റ് ലീഗ്</u>**

കേരളാ ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസ് - ട്രിവാൻഡ്രം റോയൽസ് പോരാട്ടം അൽപ്പസമയത്തിനകം. ടോസ് നേടിയ ട്രിവാൻഡ്രം റോയൽസ് ആലപ്പിയെ ബാറ്റിംഗിന് അയച്ചു. തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെതിരെ ഏരീസ് കൊല്ലം സെയ്ലേഴ്സ് 8 വിക്കറ്റിന് വിജയിച്ചു.

*****************************************************************************************

**<u>സ്പർശ് - ഔട്ട് റീച്ച് പ്രോഗ്രാം</u>**

തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ പ്രതിരോധ പെൻഷൻകാർക്കായുള്ള സ്പർഷ് ഔട്ട്റീച്ച് പ്രോഗ്രാം വെള്ളിയാഴ്ച നടക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും.

RNU TVPM

*****************************************************************************************

**<u>കുടുംബശ്രീ - ഓണച്ചന്ത</u>**

സംസ്ഥാനത്ത് കുടുംബശ്രീയുടെ ഓണച്ചന്തകൾക്ക് ഈ മാസം 10-ന് തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് പത്തനംതിട്ടയിൽ നിർവഹിക്കും. ഉപഭോക്താക്കൾക്ക് ഓണത്തിന് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2,154 വിപണന മേളകളാണ് സംഘടിപ്പിക്കുന്നത്. സൂക്ഷ്മ സംരംഭ മേഖലയിലെ ഉൽപന്നങ്ങളാണ് പ്രധാനമായും മേളയിലെത്തുക. വിപണന മേള 14-ന് സമാപിക്കും.

*****************************************************************************************

## മുതലപ്പൊഴി

മുതലപ്പൊഴിയിലെ അപകടങ്ങൾ തുടർക്കഥയാവുന്നതിൽ ആശങ്ക രേഖപ്പെടുത്തിയ ന്യൂനപക്ഷ കമ്മീഷൻ അപകടമേഖല നേരിൽ സന്ദർശിക്കുവാൻ തീരുമാനിച്ചു. കമ്മീഷൻ ആസ്ഥാനത്ത് ഇന്ന് നടത്തിയ സിറ്റിങ്ങിൽ വിവിധ റിപ്പോർട്ടുകൾ പരിഗണിച്ച കമ്മീഷൻ, കൂടുതൽ വിവര ശേഖരണത്തിനായി ഈ മാസം 12 ന് മുതലപ്പൊഴി നേരിൽക്കാണുവാൻ തീരുമാനമെടുക്കുകയായിരുന്നു. മത്സ്യമേഖലയിൽ പണിയെടുത്ത് ഉപജീവനം നയിക്കുന്നവരെ നേരിൽക്കണ്ട് കമ്മീഷൻ അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കും.

*****************************************************************************

## നെഹ്രു ട്രോഫി

നെഹ്റു ട്രോഫി ജലോത്സവം നടത്തുന്നത് സംബന്ധിച്ച തീരുമാനത്തിനുള്ള ആലോചനാ യോഗം ആലപ്പുഴയിൽ ചേരുന്നു. സംഘാടകരായ നെഹ്റു ട്രോഫി ബോട്ട് റേസ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് യോഗം.

RNU TVPM

*****************************************************************************

## മെഗാ ഓപ്പൺ എയർ സ്റ്റേജ് ഷോ

എം ടി വാസുദേവൻ നായർക്ക് ആദരവ് അർപ്പിച്ചുകൊണ്ട് സൂര്യ കൃഷ്ണമൂർത്തി അണിയിച്ചൊരുക്കുന്ന മെഗാ ഓപ്പൺ എയർ സ്റ്റേജ് ഷോ **തുടർച്ച** യ്ക്ക് തിരുവനന്തപുരത്ത് ഇന്നലെ തുടക്കമായി. എം.ടിയുടെ നോവലുകളിലെയും കഥകളിലെയും കഥാപാത്രങ്ങളെ കൂട്ടി യോജിപ്പിച്ചാണ് **തുടർച്ച** ഒരുക്കിയിരിക്കുന്നത്. പ്രദർശനം ഈ മാസം 6-വരെ തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ തുടരും.

****************************************************************************************************

**************************************************